LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാൽ ഉൽപ്പാദനത്തിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മിൽമ ഇപ്പോൾ ആഭ്യന്തരമായി സംഭരിക്കുന്നത് പ്രതിദിനം 11 ലക്ഷം ലിറ്റർ പാലാണ്. മിൽമയുടെ പാലിന്റെ പ്രതിദിന വിൽപ്പന 12.5 ലക്ഷം ലിറ്റർ ആണ്. അതായത് പ്രതിദിനം ശരാശരി 1.5 ലക്ഷം ലിറ്ററിന്റെ കുറവുണ്ട്. ആയത് അയൽ സംസ്ഥാനങ്ങളിലെ സഹകരണ ഡയറികളിൽ നിന്നുമാണ് മിൽമ വാങ്ങുന്നത്.

(സി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) അസംസ്കൃത വസ്തുക്കളുടെ വിലയിൽ ഉണ്ടാകുന്ന വർദ്ധനവ് കാരണം പകതി വിലയ്ക്ക് കാലിത്തീറ്റ നൽകണം എന്ന നിർദ്ദേശം പ്രായോഗികമല്ല.

ക്ഷീരകർഷകർക്ക് നഷ്ടപരിഹാരം

60 (1428) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കുളമ്പുരോഗം ബാധിച്ച് പശുക്കൾ ചത്തതുമൂലം എത്ര ക്ഷീരകർഷകർക്ക് നഷ്ടപരിഹാരം നൽകിയെന്ന് അറിയിക്കാമോ ; ഇനി ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പശുക്കൾ നഷ്ടപ്പെട്ടതുമൂലം ബാങ്ക് വായ്പ അടയ്ക്കുവാൻ നിവർത്തിയില്ലാത്ത എത്ര കർഷകരുടെ വായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചുവെന്നും എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുവെന്നും ഇവയിന്മേൽ എന്തു നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുവെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) 2014-ൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കുളമ്പുരോഗം ബാധിച്ച് പശുക്കൾ ചത്തുപോയ ക്ഷീരകർഷകരിൽ കടുത്തുരുത്തി ക്ഷീരവികസന ഓഫീസ് മുഖേന നാളിതുവരെ 15 കർഷകർക്ക് 10,000 രൂപ പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണവകുപ്പ് അംഗീകരിച്ചു നൽകിയ ലിസ്റ്റ് പ്രകാരം ഇനിയും 9 പേർക്കുകൂടി ധനസഹായം നൽകുവാനുണ്ട്.

(ബി) ബാങ്കുകൾ ഒന്നുംതന്നെ ഇത്തരത്തിൽ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടില്ല.